220 കെ.വി.	2
110 കെ.വി.	9
66 കെ.വി.	2
33 കെ.വി.	20
ആകെ	33

വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ

25 (4016) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ൽ കേരളത്തിന് ആവശ്യമുള്ള വൈദ്യുതി ഏതൊക്കെ സ്രോതസ്സുകളിൽ നിന്നും ലഭ്യമാക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) അന്തർ സംസ്ഥാന പ്രസരണ കോറിഡോറുകളിലെ തടസ്സംമൂലം വൈദ്യുതി ലഭ്യതയിൽ എന്തെങ്കിലും പ്രയാസം അനുഭവപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നടപടിമൂലം ഉണ്ടാകാനിടയുള്ള അധിക സാമ്പത്തിക ബാധ്യത തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ സാമ്പത്തിക ബാധ്യത എങ്ങനെ മറികടക്കാനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) കേരളത്തിനാവശ്യമായ വൈദ്യുതി പുറത്ത് നിന്നും കൊണ്ടു വരുന്നതിനാവശ്യമായ പ്രസരണ സംവിധാനത്തിൽ എന്തെങ്കിലും അപര്യാപ്തത അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ വിശദാശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) കേരളത്തിലൂടെ കടന്നു പോകുന്ന അന്തർ സംസ്ഥാന പ്രസരണ ലൈനുകളിൽ നിർമ്മാണത്തിലിരിക്കുന്നവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ജി) പ്രസ്തുത ലൈനുകൾ പൂർത്തീകരിക്കുന്നതോടെ വൈദ്യുതി ഇറക്കുമതി ശേഷിയിൽ എന്ത് വർദ്ധനവാണ് കണക്കാക്കിയിട്ടുള്ളത് വിശദമാക്കുമോ ; പ്രസ്തുത ലൈനുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പവർഗ്രിഡ് കോർപ്പറേഷൻ സംസ്ഥാനത്തിനെതിരായി കേസ്സു നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

സ്രോതസ്സുകൾ	ലഭ്യമാകുന്ന വൈദ്യുതി
(i) ജലവൈദ്യുത പദ്ധതികൾ	6924 ദശലക്ഷം യൂണിറ്റ്
(ii) ബോർഡിന്റെ താപ വൈദ്യുതി നിലയങ്ങൾ	238 ദശലക്ഷം യൂണിറ്റ്
(iii) കേന്ദ്ര പൂളിൽ നിന്ന് പ്രതീക്ഷിക്കുന്ന വൈദ്യുതി	9751 ദശലക്ഷം യൂണിറ്റ്
(iv)സംസ്ഥാനത്തിന്റെ പുറത്തുള്ള വൈദ്യുതി വ്യാപാരികൾവഴി	4365 ദശലക്ഷം യൂണിറ്റ്
(v) സംസ്ഥാനത്തിന്റെ അകത്തുള്ള കാറ്റിൽ നിന്നും മറ്റും വൈദ്യുതി ഉത്പാദിപ്പിക്കുന്ന സ്വതന്ത്ര ഊർജ്ജ ഉല്പാദകരിൽ നിന്ന്	196 ദശലക്ഷം യൂണിറ്റ്
(vi) കായംകുളം താപവൈദ്യുതി നിലയത്തിൽ നിന്ന്	217 ദശലക്ഷം യൂണിറ്റ്

(ബി&ഇ) ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് 2014-15 വർഷത്തേയ്ക്ക് 4365 ദശലക്ഷം യൂണിറ്റ് വൈദ്യുതി സംസ്ഥാനത്തിന് പുറത്തുള്ള വൈദ്യുതി വ്യാപാരികൾ വഴിയും വൈദ്യുതി എക്സ്ചേഞ്ച് വഴിയും വാങ്ങുന്നതിന് ലക്ഷ്യമിട്ടിരുന്നു. രാജ്യത്തിന്റെ മറ്റ് മേഖലകളിൽ നിന്ന് ദക്ഷിണമേഖലയിലേയ്ക്ക് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള പ്രസരണ ഇടനാഴിയുടെ അപര്യാപ്തതമൂലം വിവിധ വ്യാപാരികളുമായി കരാറിൽ ഏർപ്പെട്ട് വൈദ്യുതി കൊണ്ടുവരുന്നതിന് സാധിക്കുന്നില്ല. എന്നാൽ ടി കറവ് സംസ്ഥാനത്തിനകത്തുള്ള ചെലവുകൂടിയ കായംകുളം താപനിലയവും ബി.എസ്.സി.എസ്. നിലയവും പ്രവർത്തിപ്പിച്ച് പരിഹരിക്കുന്നുണ്ട്.

(സി) ടി നടപടിമൂലം 2014-15 വർഷത്തേയ്ക്ക് ഏകദേശം 648 കോടി രൂപയുടെ അധിക ബാധ്യതയുണ്ടാകുമെന്നാണ് കരുതുന്നത്.

(ഡി) ബാങ്കിൽ നിന്നും വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ എടുത്താണ് ഈ സാമ്പത്തിക ബാദ്ധ്യത മറികടക്കുന്നത്.

(എഫ്) പ്രധാനമായും രണ്ട് വൈദ്യുതി പ്രസരണ ലൈനുകളാണ് നിർമ്മാണത്തിലിരിക്കുന്നത്. ഇവയുടെ വിശദാംശം താഴെ കൊടുക്കുന്നു:

(i) കേന്ദ്ര ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കൂടംകുളം ആണവ നിലയത്തിൽ നിന്നുള്ള കേരളത്തിന്റെ വിഹിതമായ 133 മെഗാവാട്ട് കൊണ്ടുവരുന്നതിനുവേണ്ടി പവ്വർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ വിഭാവനം ചെയ്ത ഇടമൺ-മൂവാറ്റുപുഴ 400 കെ.വി. ലൈനിന്റെ പണി മാർച്ച് 2012 ഓടുകൂടി പൂർത്തിയാക്കാനാണ് പ്ലാൻ ചെയ്തിരുന്നത്. എന്നാൽ ടി ലൈൻ കടന്നുപോകാൻ ഉദ്ദേശിക്കുന്ന കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ തദ്ദേശവാസികളുടെ കടുത്ത എതിർപ്പും കോടതി കേസുകൾമൂലവും നാളിതുവരെ ഈ ലൈനിന്റെ പണികളിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. പ്രസ്തുത ലൈൻ കടന്നുപോകുന്ന പ്രദേശത്തിലെ സ്ഥലവാസികൾക്ക് പ്രത്യേക നഷ്ടപരിഹാരത്തുക സംസ്ഥാന ഗവൺമെന്റ് നിശ്ചയിക്കുകയുണ്ടായി. ടി കാരണത്താലും ഈ ലൈൻ കമ്മീഷൻ ചെയ്യുന്നതിന് വേണ്ട സഹായം ആവശ്യപ്പെട്ടും പവ്വർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ് ഒരു പരാതി കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കൂടുതൽ തുക നഷ്ടപരിഹാരം നൽകി ടി ലൈനുകളുടെ പണി പൂർത്തിയാക്കാൻ ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ധാരണയായിട്ടുള്ളതിനാൽ പ്രസ്തുത പണി ഉടൻ പുനരാരംഭിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

(ii) കേരളത്തിന് പുറത്തുനിന്ന് വൈദ്യുതി കൊണ്ടു വരുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള മൈസൂർ-അരീക്കോട് 400 കെ.വി. ലൈനിന്റെ നിർമ്മാണ പ്രവർത്തനം ലൈനിന്റെ മൊത്തം നീളത്തിന്റെ 55 കിലോമീറ്റർ ഭാഗം കർണാടക സംസ്ഥാനത്തിലാകയാൽ തദ്ദേശത്തെ കാപ്പി കൃഷിക്കാരുടെ എതിർപ്പുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. ഈ ലൈനിന്റെ ബാക്കി എല്ലാ പണികളും പവ്വർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത ലൈനിന്റെ 55 കിലോമീറ്ററിലുള്ള പണി പൂർത്തീകരിക്കാൻവേണ്ട സഹായം തദ്ദേശ ഭരണാധികാരികളും കർണാടക സംസ്ഥാന ഗവൺമെന്റും നൽകണമെന്ന് ആവശ്യപ്പെട്ട് പവ്വർ ഗ്രിഡ് കോർപ്പറേഷം ഓഫ് ഇന്ത്യ ലിമിറ്റഡ് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷനുമുമ്പാകെ പരാതി സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ രണ്ട് പരാതികളിലും കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ജി) ഇപ്പോൾ കേരള സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷി 1800 മെഗാവാട്ടാണ്. മൈസൂർ-അരിക്കോട് 400 കെ.വി. ലൈൻ കമ്മീഷൻ ചെയ്യുന്നതോടെ അധികമായി 400 മെഗാവാട്ടും ഇടമൺ-കൊച്ചി 400 കെ.വി. ലൈൻ കമ്മീഷൻ ചെയ്യുന്നതോടെ അധികമായി 600 മെഗാവാട്ടും ഇറക്കുമതി ശേഷിയുണ്ടാകുന്നതാണ്. അതായത് രണ്ട് ലൈനുകളും പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷി 1800 മെഗാവാട്ടിൽ നിന്ന് 2800 മെഗാവാട്ടായി ഉയരുന്നതാണ്. പ്രസ്തുത ലൈനുകളുടെ പണി പൂർത്തീകരിക്കുന്നതിന് തടസമായ നഷ്ടപരിഹാരത്തുക സംബന്ധിച്ചുള്ള തർക്കം തീർക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ സഹായം ആവശ്യപ്പെട്ടാണ് പവ്വർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷന് മുമ്പാകെ പരാതി സമർപ്പിച്ചിട്ടുള്ളത്.

വൈദ്യുതി മോഷണം തടയുന്നതിന് നടപടികൾ

26 (4017) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മോഷണം തടയുന്നതിലേയ്ക്കായി പാലക്കാട് ജില്ലയിൽ 2014-ലിൽ നാളിതുവരെ എത്ര റെയ്ഡുകളാണ് നടത്തിയിട്ടുള്ളത്;

(ബി) ഇതിൽ എത്ര വൈദ്യുതി മോഷണ കേസുകളാണ് കണ്ടെത്തിയത്;

(സി) പ്രസ്തുത കേസുകളിൽ നിന്നും പിഴ ഇനത്തിൽ സർക്കാരിന് ലഭിച്ച തുക എത്ര;

(ഡി) കാർഷികാവശ്യത്തിനായുള്ള വൈദ്യുതി മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ 2014-ൽ നാളിതുവരെ 6604 റെയ്ഡുകൾ നടത്തിയിട്ടുണ്ട്.

(ബി) ഇതിൽ 64 മോഷണ കേസുകൾ കണ്ടെത്തി.

(സി) വൈദ്യുതി ബോർഡ് പിഴ ഇനത്തിൽ 71.46 ലക്ഷം രൂപ ഈടാക്കി.

LIBRARY ARCHIVES Kerala Legislative Assembly